ശ്രീകണ്ഠപുരത്തെ കുടുംബശ്രീ വിപണന കേന്ദ്രവും ഇൻസിനറേറ്ററും നശിക്കുന്നു

ശ്രീകണ്ഠപുരത്ത് നശിച്ചു കൊണ്ടിരിക്കുന്ന കുടുംബശ്രീ വിപണന കേന്ദ്രം ഷെഡും ഇൻസിനറേറ്ററും പൊട്ടിവീണ പുകക്കുഴലും കാണാം.

ശ്രീകണ്ഠപുരം: ലക്ഷങ്ങൾ ചെലവാക്കി നിർമ്മിച്ച ശ്രീകണ്ഠപുരത്തെ കുടുംബശ്രീ വിപണന കേന്ദ്ര ഷെഡും ഇൻസിനറേറ്ററും പൂർണ്ണമായും നശിച്ച അവസ്ഥയിൽ. നഗരസഭയാകുന്നതിന് മുന്നിലുള്ള പഞ്ചായത്ത് ഭരണ സമിതിയാണ് മാലിന്യം സംസ്ക്കരിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിച്ചത്. നാല് ലക്ഷത്തിലേറെ രൂപയാണ് ഇതിന് വേണ്ടി ചെലവഴിച്ചത്. എന്നാൽ പൊതു സ്ഥലങ്ങളിൽ മാലിന്യം കത്തിക്കരുതെന്ന കോടതി ഉത്തരവ് വന്നതോടെ ഇൻസിനറേറ്റർ ഉപയോഗശൂന്യമായി. ബസ്സ്റ്റാന്റ് പരിസരത്ത് നിർമ്മിച്ചിരിക്കുന്ന കുടുംബശ്രീ വിപണന കേന്ദ്ര ഷെഡിനുള്ളിലാണ് ഇത് സ്ഥാപിച്ചിരുന്നത്. തുരുമ്പെടുത്തു തുടങ്ങിയ ഇൻസിനറേറ്ററിന്റെ പുകക്കുഴൽ ഭാഗം കഴിഞ്ഞ ദിവസം പൊട്ടി നിലംപതിച്ചപ്പോൾ തലനാരിഴക്കാണ് യാത്രക്കാർ രക്ഷപ്പെട്ടത്. വീഴുന്നത് കണ്ട് ഓടിയതിനാലാണ് യാത്രക്കാരുടെ തലയിൽ പതിക്കാതിരുന്നത്. വൻ തുക മുടക്കി നിർമ്മിച്ച കുടുംബശ്രീ വിപണന കേന്ദ്രവും ഒരു ദിവസം പോലും പ്രവർത്തിച്ചിട്ടില്ല. ഇൻസിനറേറ്റർ പ്രവർത്തിക്കാതായതോടെ മാലിന്യം വിപണന കേന്ദ്രത്തിന്റെ ഷെഡിനുള്ളിൽ തന്നെ കത്തിക്കാൻ തുടങ്ങി. ഇതോടെ ഷെഡിന്റെ ഷീറ്റുകൾ നശിച്ചു. ശ്രീകണ്ഠപുരത്ത് മാലിന്യ പ്രശ്നം രൂക്ഷമായിട്ടും നഗരസഭ ഇത്തരം കാര്യങ്ങളിൽ മൗനം തുടരുന്നത് ഏറെ പ്രതിഷേധങ്ങൾക്കിടയാക്കുന്നുണ്ട്.

പഞ്ചവടി റസിഡന്റ്സ് അസോസിയേഷൻ പ്രവർത്തകർ തൃച്ചംബരം ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ചിറക്ക് സമീപം സ്ഥാപിച്ച തണ്ണീർ പന്തലിന്റെ ഉദ്ഘാടനം ശ്രീകൃഷ്ണ സേവാസമിതി പ്രസിഡണ്ട് സി.സുരേന്ദ്രൻ നമ്പ്യാർ നിർവഹിക്കുന്നു

കരുവഞ്ചാൽ കോളനിയിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷം

ആലക്കോട്: കരുവഞ്ചാൽ ടൗണിന് സമീപം വായാട്ടുപറമ്പ് റോഡിലെ കോളനിയിൽ കുടിവെള്ള ക്ഷാമം അതിരൂക്ഷമായതായി പരാതി. നിരവധി കുടുംബങ്ങൾ താമസിക്കുന്ന ഇവിടെ കുടിവെള്ളത്തിനായി ജനങ്ങൾ ആശ്രയിച്ചിരുന്ന കുഴൽ കിണറുകൾ പ്രവർത്തന രഹിതമായതാണ് ജലക്ഷാമത്തിന് കാരണം. വീടുകളിൽ നിന്ന് ഏറെ ദൂരെയുള്ള കിണറ്റിൽ നിന്ന് വെള്ളം കോരി ചുമന്ന് കയറ്റേണ്ട അവസ്ഥയിലാണ് കോളനി വാസികൾ. തകരാറിലായ കുഴൽ കിണറുകൾ നന്നാക്കുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും പഞ്ചായത്ത് അധികൃതർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യമുയർന്നു.

തൃച്ചംബരത്ത് ഇന്ന്

തളിപ്പറമ്പ: തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിലെ ഉത്സവത്തിന്റെ രണ്ടാംദിവസമായ ഇന്ന് രാത്രി ഒമ്പത് മണി മുതൽ 10.30വരെ വൈഷ്ണവി നമ്പ്യാരും കെ.വി. പാർവ്വതിയും അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി, 10.30ന് തൃച്ചംബരം മനോജ് ബാബുവും സംഘവും അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങൾ, രാത്രി ഒരു മണിക്ക് തായമ്പക.

കൃഷിഭവൻ അറിയിപ്പ്

പട്ടുവം: പട്ടുവം ഗ്രാമപഞ്ചായത്ത് കൃഷിഭവൻ 2017-18 വർഷത്തെ കേരകൃഷി വികസന പദ്ധതിയിൽ തെങ്ങിൻ തോട്ടത്തിൽ ഇടവിള കൃഷി, മഞ്ഞൾ വിത്ത് വിതരണം അപേക്ഷ നൽകിയ കർഷകർ കൃഷിഭവനിൽ എത്തിച്ചേരണമെന്ന് കൃഷി ഓഫീസർ അറിയിച്ചു.

പയ്യന്നൂരിൽ എൻ.ജി.ഒ ക്വാർട്ടേഴ്സ് അനുവദിക്കണം

റെജി കെ. ജേക്കബ് ടി.എസ്. പ്രദീപ്

പയ്യന്നൂർ: പയ്യന്നൂർ ആസ്ഥാനമായി എൻ.ജി.ഒ ക്വാർട്ടേഴ്സ് അനുവദിക്കണമെന്നും നിർദിഷ്ട പെട്രോളിയം സംഭരണ പദ്ധതിയുടെ പ്രവർത്തനം ഉപേക്ഷിക്കണമെന്നും ജോയിന്റ് കൗൺസിൽ മേഖലാ സമ്മേളനം സർക്കാരിനോടാവശ്യപ്പെട്ടു. ഭാരവാഹികൾ: റെജി കെ. ജേക്കബ് (പ്രസിഡണ്ട്), കെ. ഭവ്യ (വൈസ് പ്രസിഡണ്ട്), ടി.എസ്. പ്രദീപ് (സെക്രട്ടറി), പി.സി. ബേസിൽ (ജോയിന്റ് സെക്രട്ടറി), എസ്. ആബു (ട്രഷറർ)

പഴയ ഹരിഹർ തീയേറ്ററിന് സമീപം റോഡിന് ഹരിഹർ നഗർ എന്ന് പേര് നൽകി ബോർഡ് സ്ഥാപിച്ചപ്പോൾ

ഹരിഹറിന്റെ ഓർമ്മ നിലനിർത്താൻ നാട്ടുകാരുടെ കൂട്ടായ്മ

തളിപ്പറമ്പ: ഓർമ്മകളിലേക്ക് മറഞ്ഞ പട്ടുവം റോഡിലെ ന്യൂഹരിഹർ ടാക്കിസിന്റെ സ്മരണ നിലനിർത്താൻ നാട്ടുകാരുടെ കൂട്ടായ്മ. 'ഹരിഹർ ടാക്കീസിന് സമീപം' എന്ന് മേൽവിലാസത്തോടൊപ്പം ചേർത്തിരുന്ന ഒരു കൂട്ടം വീട്ടുകാരാണ് തീയേറ്റർ അടച്ചുവർഷങ്ങൾ പിന്നിടുമ്പോൾ തങ്ങളുടെ നഷ്ടപ്പെടുന്ന മേൽവിലാസം നിലനിർത്തുന്നതിനായി 'ഹരിഹർ നഗർ' എന്ന പേരിൽ റസിഡന്റ്സ് അസോസിയേഷൻ രൂപീകരിച്ചത്. 1960കളിൽ ആരംഭിച്ച ഹരിഹർ ടാക്കീസ് മൂന്ന് വർഷം മുമ്പാണ് ചരിത്രത്തിന്റെ ഭാഗമായത്. തളിപ്പറമ്പിലെ രണ്ടാമത്തെ തീയേറ്ററായിരുന്നു ഇത്. ടാക്കീസിന് സമീപത്തെ രണ്ട് റോഡുകൾക്ക് റസിഡന്റ്സ് അസോസിയേഷൻ പ്രവർത്തകർ ഹരിഹർ നഗർ സ്ട്രീറ്റ് എന്ന് പേര് നൽകി ബോർഡ് വച്ചു. അസോസിയേഷൻ ഭാരവാഹികൾ ഇ.പി. ഗോവിന്ദൻ നമ്പ്യാർ (പ്രസിഡണ്ട്), എ. രമേശൻ (വൈസ് പ്രസിഡണ്ട്), കെ. മനോഹരൻ (സെക്രട്ടറി), തോമസ് പാലാത്ര (ജോയിന്റ് സെക്രട്ടറി), എസ്. മനോജ്കുമാർ (ട്രഷറർ).

ആന്തൂർ നഗരസഭ വികസന സെമിനാർ ഒമ്പതിന്

ആന്തൂർ: ആന്തൂർ നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ഒമ്പതിന് നഗരസഭ ഓഫീസ് പരിസരത്ത് വികസന സെമിനാർ സംഘടിപ്പിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്യും. നഗരസഭ ചെയർപേഴ്സൺ പി.കെ ശ്യാമള ടീച്ചർ അധ്യക്ഷത വഹിക്കും. കെ. ദാമോദരൻ മാസ്റ്റർ, പി.പി. ഉഷ, നഗരസഭ വൈസ് ചെയർമാൻ കെ. ഷാജു, കെ. രവീന്ദ്രൻ, കെ.പി. ശ്യാമള, വി. പുരുഷോത്തമൻ, എ. പ്രിയ, കൗൺസിലർമാരായ പി.കെ. മുജീബ് റഹ്മാൻ, കെ. കുഞ്ഞപ്പ, സി.ഡി.എസ്. ചെയർപേഴ്സൺ വസന്തകുമാരി, പി. മുകുന്ദൻ, പി. ബാലൻ നമ്പ്യാർ, എ.എൻ. ആന്തൂരാൻ, സമദ് കടമ്പേരി സംസാരിക്കും. എം.കെ. ഗിരീഷ് സ്വാഗതവും എ. രാധാകൃഷ്ണൻ നന്ദിയും പറയും.

തേങ്ങ വില 15 രൂപ ഇടിഞ്ഞു; നാളികേര കർഷകർക്ക് ഇരുട്ടടി

ആലക്കോട്: വിപണിയിൽ നല്ല വില കിട്ടിയിരുന്ന തേങ്ങക്ക് ഒറ്റയടിക്ക് 15 രൂപ ഇടിഞ്ഞത് കർഷകർക്ക് ഇരുട്ടടിയായി. കിലോക്ക് 45 രൂപ വരെ കിട്ടിയിരുന്ന തേങ്ങ വിലയാണ് ഒറ്റയടിക്ക് 30 രൂപയിലേക്ക് കൂപ്പ് കുത്തിയത്. കഴിഞ്ഞ ആഴ്ച വരെ 40 മുതൽ 45 രൂപ വരെ കർഷകർക്ക് വില കിട്ടിയിരുന്ന സ്ഥാനത്താണ് രണ്ട് ദിവസമായി വില ദിനംപ്രതി ഇടിയുന്നത്. വിലത്തകർച്ച നാളികേര കർഷകരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളി വിട്ടിരിക്കുകയാണ്. പ്രതികൂല കാലാവസ്ഥയെ തുടർന്ന് തേങ്ങ ഉൽപ്പാദനം ഗണ്യമായി ഇടിഞ്ഞുകൊണ്ടിരിക്കുന്നതിനിടെയാണ് വൻ വിലത്തകർച്ചയും നേരിട്ടിരിക്കുന്നത്. കർഷകർക്ക് പുറമെ വ്യാപാരികളും വൻ പ്രതിസന്ധിയാണ് നേരിടുന്നത്. കർണ്ണാടക കേന്ദ്രമായുള്ള ലോബിയുടെ ഇടപെടലുകളാണ് നാളികേര വിലത്തകർച്ചക്ക് കാരണമെന്നാണ് പറയപ്പെടുന്നത്.

ഐ.എൻ.എൽ മണ്ഡലം കമ്മിറ്റി രൂപീകരിച്ചു

കണ്ണൂർ: ഐ.എൻ.എൽ കണ്ണൂർ മണ്ഡലം കമ്മിറ്റി രൂപീകരിച്ചു. ഭാരവാഹികളായി മഹമ്മൂദ് പറക്കാട്ട് (പ്രസിഡണ്ട്, പി. അസ്ലം (ജനറൽ സെക്രട്ടറി), സി.എച്ച്. അബൂബക്കർ (ട്രഷറർ) എന്നിവരെയും സഹ ഭാരവാഹികളെയും തിരഞ്ഞെടുത്തു.

മഹമ്മൂദ് പറക്കാട്ട് അധ്യക്ഷത വഹിച്ചു. അഡ്വ. എം.സി. ഹാഷിം, അക്ബർ പാലാണ്ടി, വി.കെ. ഉമ്മർകുട്ടി പ്രസംഗിച്ചു. കെ.വി. മൻസൂർ സ്വാഗതവും പി.കെ. മൂസ നന്ദിയും പറഞ്ഞു.

തൃച്ചംബരത്ത് സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു

തളിപ്പറമ്പ: തൃച്ചംബരം ഈസ്റ്റ് റസിഡന്റ്സ് അസോസിയേഷന്റെയും കേരള സർക്കാർ ആരോഗ്യ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് ആരംഭിച്ചു. സത്യസായി ഭജന മന്ദിരം ഹാളിൽ ആരംഭിച്ച ക്യാമ്പ് 16 വരെ വൈകുന്നേരം അഞ്ച് മണി മുതൽ എട്ട് മണി വരെ നടക്കും. തളിപ്പറമ്പ് നഗരസഭ ചെയർമാൻ അള്ളാംകുളം മഹമ്മൂദ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡണ്ട് പി. ശ്രീധരൻ അധ്യക്ഷത വഹിച്ചു. ഡോ. എ.ടി. സുരേഷ്, ദീപാ രഞ്ജിത്ത്, എം.വി. ഗോപാലൻ, എ. ലക്ഷ്മണൻ, സി. സുരേന്ദ്രൻ നമ്പ്യാർ സംസാരിച്ചു. വിനീത പി. നായർ സ്വാഗതവും സി. കരുണാകരൻ നമ്പ്യാർ നന്ദിയും പറഞ്ഞു. ക്യാമ്പിൽ രോഗ പരിശോധനയും മരുന്ന് വിതരണവും സൗജന്യമാണ്. കൂടാതെ എല്ലാ ദിവസവും സൗജന്യ പ്രഷർ പരിശോധനയും ഉണ്ടായിരിക്കും.

ഹ്രസ്വചിത്ര നിർമ്മാണ മൽസരം

തളിപ്പറമ്പ: സംസ്ഥാനപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ ഉപഭോക്തൃബോധവൽക്കരണത്തിന്റെ ഭാഗമായി ഉപഭോക്തൃ അവകാശങ്ങളും പിന്നോക്കക്കാരുടെ സംരക്ഷണവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി കോളേജ് വിദ്യാർത്ഥികൾക്കായി ഹ്രസ്വചിത്ര നിർമ്മാണ മൽസരം സംഘടിപ്പിക്കുന്നു. ചിത്രത്തിന്റെ ദൈർഘ്യം അഞ്ച് മുതൽ പത്ത് മിനുട്ടാണ്. സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് ഹ്രസ്വചിത്രങ്ങൾക്ക് 1,00,000/-, 50,000, 25,000 എന്നീ നിരക്കിൽ സമ്മാന തുക നൽകും. തളിപ്പറമ്പ് താലൂക്കിന് കീഴിലുള്ള കോളേജ് വിദ്യാർത്ഥികൾ നാളെ വൈകീട്ട് അഞ്ച് മണിക്ക് മുമ്പായി ഹ്രസ്വചിത്രത്തിന്റെ സി.ഡി. കോളേജ് പ്രിൻസിപ്പലിന്റെ അംഗീകാരത്തോടെ താലൂക്ക് സപ്ലൈ ഓഫീസിൽ എത്തിക്കണം. ഫോൺ: 0460 2203128, 9495350617.

മഹാരാഷ്ട്രയിലെ വർധ മഹാത്മാഗാന്ധി അന്തർരാഷ്ട്രീയ ഹിന്ദി വിശ്വവിദ്യാലയത്തിൽ നിന്നും ഹിന്ദിയിൽ ഡോക്ടറേറ്റ് നേടിയ ഇ.വി.സൂര്യ. കല്യാശേരി ഹാജിമൊട്ടയിൽ പരേതനായ വണ്ണാരത്ത് കരുണാകരന്റെയും ഇ.വി.ശൈലജയുടെയും മകളാണ്. ചങ്ങനാശേരിയിലെ ശൈലേന്ദ്രനായരുടെ ഭാര്യയാണ്.

വനിതാദിനം; സൗജന്യ മെഡിക്കൽ ക്യാമ്പ് നാളെ

തളിപ്പറമ്പ: ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യാ വനിതാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സാർവ്വദേശീയ മഹിളാ ദിനമായ നാളെ വൈകുന്നേരം നാല് മണി മുതൽ ഏഴ് മണി വരെ പുല്ലായിക്കൊടി ആയുർവേദിക് ക്ലിനിക്കിൽ സ്ത്രീകൾക്ക് സൗജന്യ പരിശോധന ക്യാമ്പും മരുന്നുവിതരണവും നടത്തും. രജിസ്ട്രേഷന് 9544657767ൽ ബന്ധപ്പെടുക.

തേൻ കൃഷിക്കാരുടെ യോഗം ഇന്ന്

കുറുമാത്തൂർ: ഗ്രാമപഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും തേൻ ഉൽപ്പാദകരായ കർഷകരുടെ യോഗം ഇന്ന് ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ചേരും. യോഗത്തിൽ നബാർഡ് ഉദ്യോഗസ്ഥർ പങ്കെടുക്കും.

അജ്മീർ...
ആഗ്ര...
ഡൽഹി...
ഏപ്രിൽ
02, 07, 17.
8136812345

തളിപ്പറമ്പിൽ അന്താരാഷ്ട്ര ചലച്ചിത്രമേളക്ക് നാളെ തുടക്കമാകും

തളിപ്പറമ്പ: തളിപ്പറമ്പ ഫിലിം സൊസൈറ്റിയുടെ നാലാമത് അന്താരാഷ്ട്ര ചലച്ചിത്രമേള നാളെ തുടങ്ങുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. കേരള ചലച്ചിത്ര അക്കാദമി, എഫ്.എഫ്.എസ്.ഐ കേരള, എംസോൺ കേരള എന്നിവയുടെ സഹകരണത്തോടെയാണ് ചലച്ചിത്രമേള സംഘടിപ്പിക്കുന്നത്. നാളെ വൈകീട്ട് ആറ് മണിക്ക് ടൗൺ സ്ക്വയറിൽ ചലച്ചിത്ര നടനും നിർമ്മാതാവുമായ പ്രകാശ് ബാരെ ഉദ്ഘാടനം ചെയ്യും. ജയിംസ് മാത്യു എം.എൽ.എ മുഖ്യാതിഥിയാകും. ഡോക്യുമെന്ററി സംവിധായകൻ ബാബു കാമ്പ്രത്ത് ഫെസ്റ്റിവൽ ബുക്ക് പ്രകാശനം ചെയ്യും. ഒമ്പത്, പത്ത്, പതിനൊന്ന് തീയതികളിൽ ഡ്രീംപാലസ് ഓഡിറ്റോറിയം, സത്യസായി ഹോമിയോ ക്ലിനിക്ക് എന്നിവിടങ്ങളിലായി 24ഓളം സിനിമകൾ പ്രദർശിപ്പിക്കും. കാൻ, ബെർലിൻ തുടങ്ങിയ ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ച നിരവധി ചിത്രങ്ങളും മേളയിൽ പ്രദർശിപ്പിക്കും. മലയാള സിനിമ, നോൺഫീച്ചർ, ഇന്ത്യൻ വിഭാഗം, ലോക സിനിമാ വിഭാഗം എന്നിവയോടൊപ്പം ഫിൻലാന്റ് സംവിധായകൻ അകികരിസ്മാക്കിയുടെ സിനിമകളും റെട്രോ വിഭാഗത്തിൽ സ്വീഡിഷ് സംവിധായകൻ റൂബൻ ഓസ്‌ലിന്റെ സിനിമകളും പ്രദർശിപ്പിക്കും. കൺട്രീ ഫോകസ് വിഭാഗത്തിൽ ഉത്തര കൊറിയൻ സിനിമകളും പ്രദർശിപ്പിക്കും. പ്രദർശനം മൂന്ന് ദിവസവും രാവിലെ 9.30ന് തന്നെ ആരംഭിക്കും. പ്രവേശനം ഡെലിഗേറ്റ് പാസ് മുഖേനയാണ്. സിനിമ- അധിനിവേശത്തിന്റെ പുതിയമുഖം, സിനിമ- പരിസ്ഥിതിയും സമീപനവും എന്നീ വിഷയങ്ങളിൽ ഓപ്പൺഫോറവും സംഘടിപ്പിക്കും. ചലച്ചിത്രമേള 11ന് സമാപിക്കും.

വാർത്താ സമ്മേളനത്തിൽ സംവിധായകൻ ഷെറി, കെ.പി. ജയേഷ്, ബിജു ചുഴലി, ഡോ. പി.കെ. രഞ്ജീവ് സംബന്ധിച്ചു.

യൂത്ത് കോൺഗ്രസ് നേതാക്കളെ അറസ്റ്റ് ചെയ്ത നടപടി പ്രാകൃതം: സതീശൻ പാച്ചേനി

കണ്ണൂർ: യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബിന്റെ കൊലപാതകത്തിൽ സി.ബി.ഐ അന്വേഷണത്തിന് തയ്യാറാകാത്ത സംസ്ഥാന സർക്കാർ നടപടിയിൽ പ്രതിഷേധിക്കാൻ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയെ കരിങ്കൊടി കാണിച്ചതുമായി ബന്ധപ്പെട്ട് യൂത്ത് കോൺഗ്രസ് ജില്ലാ നേതാക്കളായ ജോഷി കണ്ടത്തിൽ, ഒ.കെ. പ്രസാദ്, കെ.എസ്.യു സംസ്ഥാന വൈസ് പ്രസിഡണ്ട് വി. പി. അബ്ദുൾ റഷീദ് തുടങ്ങിയവരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്ത് അറസ്റ്റ് ചെയ്ത നടപടി ജനാധിപത്യ ഭരണ സംവിധാനത്തിൽ കേട്ടുകേൾവി ഇല്ലാത്തതും പ്രാകൃതവുമാണെന്ന് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി പ്രസ്താവനയിൽ പറഞ്ഞു.

തളിപ്പറമ്പ കോസ്മോസ് പൊളിറ്റൻ ക്ലബിന്റെ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട എം.വി.നാരായണൻ (പ്രസിഡണ്ട്), വി.എൻ.രഞ്ജിത്ത് (സെക്രട്ടറി).

കൂവേരി സർവ്വീസ് സഹകരണ ബേങ്ക്

ക്ലിപ്തം നമ്പർ സി. 65, കൂവേരി പി. ഒ. ഫോൺ: 2270271

സ്വർണ്ണപ്പണയ പണ്ടലേല പരസ്യം

ബേങ്കിൽ പണയം വച്ചിട്ടുള്ളതും 31-2-2017ന് അവധി കഴിഞ്ഞിട്ടുള്ളതും രജിസ്റ്റേർഡ് നോട്ടീസ് കൈപ്പറ്റിയിട്ടും തിരിച്ചെടുക്കാത്തവയും ആൾ വിവരമില്ലാത്തതിനാലോ മരണപ്പെട്ടതിനാലോ മറ്റു കാരണങ്ങളാലോ നോട്ടീസ് കൈപ്പറ്റാതെ മടങ്ങി വന്നിട്ടുള്ളതുമായ സ്വർണ്ണ പണയങ്ങളിൽ ലേല തീയതി വരെയും മടക്കിയെടുത്ത് കഴിച്ച് ബാക്കിയുള്ള 27-03-2018 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് ബേങ്കിന്റെ ചപ്പാരപ്പടവ് ബ്രാഞ്ചിൽ വച്ച് അതത് പണയക്കാരുടെ ഉത്തരവാദിത്വത്തിൽ ലേലം ചെയ്ത് വിൽക്കുന്ന വിവരം അറിയിക്കുന്നു. ആവശ്യമായി വരികയാണെങ്കിൽ ലേല നടപടി പൂർണ്ണമായോ ഭാഗീകമായോ നിർത്തി വെക്കുന്നതിന് ബേങ്കിന് അധികാരമുണ്ടായിരിക്കും. ലേലത്തിൽ കിട്ടുന്ന സംഖ്യ വായ്പ കണക്ക് അവസാനിപ്പിക്കാൻ സാധിക്കാത്ത പക്ഷം സഹകരണ നിയമം 69 പ്രകാരം നിയമ നടപടികൾ സ്വീകരിച്ച് വായ്പക്കാരനിൽ നിന്ന് ഈടാക്കുന്നതാണ്.

എന്ന് കൽപ്പനപ്രകാരം

സെക്രട്ടറി ഇൻചാർജ് (ഒപ്പ്)

കേരള സർക്കാർ ദർഘാസുകൾ

26-02-2018 മുതൽ 04-03-2018 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

ജലസേചന വകുപ്പ്

ദർഘാസ് : 2017_Irrig_120538_2 * Superintending Engineer * KRP-Rectification of canal between ch. 8400m to 8600m of LBC * അവസാന തീയതി : 09-Mar-2018 * അടങ്കൽ : ₹2447477

കേരളാ പോലീസ്

ദർഘാസ് : 2018_KP_193192_1 * State Police Chief, Kerala * SUPPLY OF BOMB SUIT * അവസാന തീയതി : 12-Mar-2018 * അടങ്കൽ : ₹3200000

ദർഘാസ് : 2018_KP_193150_1 * State Police Chief, Kerala * SUPPLY OF RADIATION DETECTOR * അവസാന തീയതി : 12-Mar-2018 * അടങ്കൽ : ₹1600000

ദർഘാസ് : 2018_KP_193120_1 * State Police Chief, Kerala * SUPPLY OF DANGEROUS LIQUID DETECTOR * അവസാന തീയതി : 12-Mar-2018 * അടങ്കൽ : ₹3000000

പൊതുമരാമത്ത് വകുപ്പ്

ദർഘാസ് : 2018_PWD_192836_1 * Executive Engineer * Installation of UPS SYSTEM at Bicentenary Memorial Court * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹2450000

ദർഘാസ് : 2018_PWD_192822_1 * Executive Engineer * Installation of LAN at Bicentenary Memorial Court Complex, * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹3153040

ദർഘാസ് : 2018_PWD_193089_1 * Executive Engineer * Setting of Computer Lab in Statistics Deprtment of Govt. Bre * അവസാന തീയതി : 16-Mar-2018 * അടങ്കൽ : ₹1000000

ദർഘാസ് : 2018_PWD_192808_1 * Executive Engineer * Installation of EPABX system at Bicentenary Memorial Cour * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹1561350

ദർഘാസ് : 2018_PWD_193179_1 * Executive Engineer * Construction of District Planning Committee Secretariat, Civ * അവസാന തീയതി : 19-Mar-2018 * അടങ്കൽ : ₹2140015

ദർഘാസ് : 2018_PWD_193766_1 * Executive Engineer * Supply, Installation, testing and Commissioning of Projecto * അവസാന തീയതി : 19-Mar-2018 * അടങ്കൽ : ₹793000

ദർഘാസ് : 2018_PWD_193901_1 * Executive Engineer * Supply and Installation of Multifunction Printer / Photocopi * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹1143800

ദർഘാസ് : 2018_PWD_192843_1 * Executive Engineer * Supply and Installation of UPS Batteries in the State Planni * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹1236000

ദർഘാസ് : 2018_PWD_193063_2 * Executive Engineer * Supply and installaion of Batteries of UPS in the UPS Room o * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹590800

ദർഘാസ് : 2018_PWD_193863_1 * Executive Engineer, * Supply and Installation of UPS Batteries in the State Planni * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹1236000

ദർഘാസ് : 2018_PWD_193063_1 * Executive Engineer * Supply and installaion of Batteries of UPS in the UPS Room o * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹590800

ദർഘാസ് : 2018_PWD_193935_1 * Executive Engineer * Higher Education Stationary department Construction of new * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹1174474

ദർഘാസ് : 2018_PWD_193068_1 * Executive Engineer * Construction of a new Building for Govt. College, Nadapuram * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹956800

ദർഘാസ് : 2018_PWD_193276_1 * Executive Engineer * Construction of Buildings for Modern Psychiatric ward at Men * അവസാന തീയതി : 08-Mar-2018 * അടങ്കൽ : ₹1590934

ദർഘാസ് : 2018_PWD_193628_1 * Executive Engineer * NIPMR Kallettumkara-first,second and third floor -Electrific * അവസാന തീയതി : 08-Mar-2018 * അടങ്കൽ : ₹1745696

ദർഘാസ് : 2018_PWD_193592_1 * Executive Engineer * Electrification of Professor Quarters_6 Nos_ RIT Pambadi Ko * അവസാന തീയതി : 19-Mar-2018 * അടങ്കൽ : ₹818778

ദർഘാസ് : 2018_PWD_194001_1 * Executive Engineer * HSD ANNUAL PLAN 2017 18 Renovation of Drug Store and Pharmac * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹1043272

ദർഘാസ് : 2018_PWD_194030_1 * Executive Engineer * Construction of a Kitchen Block at St Josephs UP School Chun * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹611790

ദർഘാസ് : 2018_PWD_193585_1 * Executive Engineer * Additional work for Govt. Childrens Home, Kakkand, Ernakulam * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹706774

ദർഘാസ് : 2018_PWD_194041_1 * Executive Engineer * Construction of Kitchen Block at SDPY Girls High School Pall * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹935053

ദർഘാസ് : 2018_PWD_194048_1 * Executive Engineer * Construction Of Govt Ayurveda Dispensary Building at ward * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹4403552

ദർഘാസ് : 2018_PWD_193525_1 * ExecutiveEngineer,PWD BuildingsDivision,Ernakulam. * Govt Law college Ernakulam Annual plan 2016-17 Boundary wal * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹696084

ദർഘാസ് : 2018_PWD_192455_1 * Executive Engineer * Government Polytechnic College, Kothamangalam -falseceiling * അവസാന തീയതി : 13-Mar-2018 * അടങ്കൽ : ₹1798903

ദർഘാസ് : 2018_PWD_193472_1 * Executive Engineer * Renovation of Collectorate conferance hall at Painavu Idukki * അവസാന തീയതി : 09-Mar-2018 * അടങ്കൽ : ₹896984

ദർഘാസ് : 2018_PWD_193819_1 * Executive Engineer * Modernization of District information office,Idukki * അവസാന തീയതി : 12-Mar-2018 * അടങ്കൽ : ₹999991

ദർഘാസ് : 2018_PWD_193748_1 * Executive Engineer * Construction of Tourist Taxi Center at Munnar Town * അവസാന തീയതി : 12-Mar-2018 * അടങ്കൽ : ₹1527836

ദർഘാസ് : 2018_PWD_193781_1 * Executive Engineer * Improvement of infrastructure in commercial tax department - * അവസാന തീയതി : 12-Mar-2018 * അടങ്കൽ : ₹553841

ദർഘാസ് : 2018_PWD_193770_1 * Executive Engineer * Maintenance of Administrative block at Govt.College Munnar * അവസാന തീയതി : 12-Mar-2018 * അടങ്കൽ : ₹994741

ദർഘാസ് : 2018_PWD_185031_3 * Executive Engineer * Construction of building for smart classroom above(FF) Moozh * അവസാന തീയതി : 14-Mar-2018 * അടങ്കൽ : ₹606996

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക

Ro.No: 26-04/Feb-Mar/2018/PRD/4

ഹൗസിംഗ് പ്ലോട്ടുകൾ വിൽപ്പനക്ക്
രയരോം പള്ളിപ്പടി (150 മീറ്റർ) ഭീമങ്ങാട് ടാറിട്ട റോഡരികിൽ 40 സെന്റ് ഹൗസിംഗ് പ്ലോട്ട് വിൽപ്പനക്ക്.
8953092307

ആവശ്യമുണ്ട്
മൊബൈൽ സോഫ്റ്റ്‌വെയർ സെയിൽസ് ആന്റ് മാർക്കറ്റിംഗ് മേഖലയിലേക്ക് ഫീൽഡ് സ്റ്റാഫുകളെ ആവശ്യമുണ്ട്. (Male Only) പരിചയ സമ്പന്നരായവർക്ക് മുൻഗണന.
9495094392
7994291991

വീടും സ്ഥലവും വിൽപ്പനക്ക്
തളിപ്പറമ്പ് ആസാദ് നഗറിൽ ജുമാമസ്ജിദിന് സമീപം റോഡ് സൈഡിൽ 20 സെന്റ് സ്ഥലവും കോൺക്രീറ്റ് വീടും വിൽപ്പനക്ക്.
9847084022
9744205514

വീട് വിൽപ്പനക്ക്
മലയോര മേഖലയുടെ സിരാകേന്ദ്രമായ കരുവഞ്ചാൽ ടൗണിന് സമീപം പ്രകൃതി രമണീയമായ മീൻപറ്റിയിൽ മെയിൻ റോഡിൽ നിന്ന് 500 മീറ്റർ മാത്രം മാറി എല്ലാ വിധ സൗകര്യങ്ങളുമുള്ള വീട് വിൽപ്പനക്ക്. ബന്ധപ്പെടുക.
9895143394
9495119966